**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2338** — **06.10. 2016-ൽ മറുപടിക്ക്**

## മത്സ്യത്തൊഴിലാളികളുടെ കുട്ടികളെ ദത്തെടുക്കുന്ന പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.ഡി. സതീശൻ**<br>**ശ്രീ. ഹൈബി ഈഡൻ**<br>**ശ്രീ.സണ്ണി ജോസഫ്**<br>**ശ്രീ.അൻവർ സാദത്ത്** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| (എ)) | മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികളെ ദത്തെടുക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികളെ ദത്തെടുത്ത് ഉന്നത വിദ്യാഭ്യാസം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം, ഇതിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; | (ബി) | ഒരു വിദ്യാർത്ഥിക്ക് ഉന്നത വിദ്യാഭ്യാസത്തിനായി പ്രതിവർഷം പരമാവധി 75000/- രൂപ വരെ ചെലവ് പ്രതീക്ഷിക്കുന്ന ടി പദ്ധതി പ്രകാരം വിദ്യാർത്ഥിയുടെ ആഹാരം, വിദ്യാഭ്യാസ ചെലവ്, താമസ ചെലവ് എന്നിവയ്ക്ക് തുക നീക്കിവച്ചിട്ടുണ്ട്. |
| (സി) | പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം തയ്യാറെടുപ്പുകൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ? | (സി) | ഈ പദ്ധതിയെക്കുറിച്ച് എല്ലാ മത്സ്യഗ്രാമങ്ങളിലും ആവശ്യമായ പ്രചാരം നൽകുന്നതിനും അർഹരായവരെ കണ്ടെത്തുന്നതിനുമായി തീരദേശ ജില്ലാ ഫിഷറീസ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ